# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

## സോഷ്യല്ഓഡിറ്റ് റിപ്പോർട്ട്

(01-10-2018 മുതല്     31-03-2019 വരെ)

വാര്ഡ് 14 (മലാംകുന്ന് )

ഉദുമ  ഗ്രാമപഞ്ചായത്ത്

കാഞ്ഞങ്ങാട്  ബ്ലോക്ക്

കാസറഗോഡ് ജില്ല.


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്  നിയമം

സോഷ്യല്    ഓഡിറ്റ്സൊസൈറ്റി(MGNSASK)

CSI BUILDINGS,  2nd  FLOOR ,LMS COMPOUND ,പാളയം

വികാസ്ഭവന്      (പി.ഒ)തിരുവനന്തപുരം 695033

ഫോണ്    : 0471-22724696

ഇ-മെയില്     keralasocialaudit@gmail

തയ്യാറാക്കിയത് : ഷിജിത .ടി  , അനവദ്യ എൻ .എ  ( വില്ലേജ് റിസോഴ്സ് പേഴ്സൺ കാഞ്ഞങ്ങാട് ) രാഘവൻ ( ബി . ആർ .പി )

# പഞ്ചായത്തിന്റെ പൊതു വിവരങ്ങള്

| | |
|---|---|
| വിസ്തീര്ണം | 23.54 ച .കി .മി |
| ജില്ലാപഞ്ചായത്ത് | കാസർഗോഡ് |
| ബ്ലോക്ക് പഞ്ചായത്ത് | കാഞ്ഞങ്ങാട് |
| താലൂക്ക് | ഹോസ്ദുർഗ് |
| വില്ലേജുകള് | പള്ളിക്കര , ബാര , ഉദുമ |

**പഞ്ചയാത്ത് അതിരുകള്**

| | |
|---|---|
| കിഴക്ക് | പള്ളിക്കര , ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| പടിഞ്ഞാറ് | അറബിക്കടൽ |
| തെക്ക് | പള്ളിക്കര പഞ്ചായത്ത് . |
| വടക്ക് | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |

**ജനസംഖ്യ (2011 ,സെന്സസ്)**

| ഉദുമ | ആകെ ജനസംഖ്യ | | Scs | | STs | |
|---|---|---|---|---|---|---|
| | പുരുഷന് | സ്ത്രീ | പുരുഷന് | സ്ത്രീ | പുരുഷന് | സ്ത്രീ |
| | 18568 | 19382 | 15 | 13 | 754 | 799 |

## വാർഡ് 14 മലാംകുന്ന് .

കാസര്ഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്കിലെ ഉദുമ ഗ്രാമ പഞ്ചായത്തിലെ 14ആം വാര്ഡ് (മലാംകുന്ന് ) ആണ് സോഷ്യല് ഓഡിറ്റിങ് നടത്തുന്നത് .വാര്ഡ്7ല് തൊഴിലുറപ്പ് പദ്ധതിയില് കഴിഞ്ഞ സാമ്പത്തിക വര്ഷത്തിലെ ഒക്ടോബര് 1 മുതല് 2019 മാര്ച്ച് 31 വരെയുള്ള കാലയളവിൽ **8**പ്രവര്ത്തികളാണ് നടന്നിട്ടുള്ളത്. ഇതിലെ 2 പ്രവൃത്തികള് പൊതു വിഭാഗത്തില് പെട്ടതും **2**പ്രവര്ത്തി കേന്ദ്രസംസ്ഥാന ഭവന നിര്മാണ പദ്ധതിയില് ഉള്പ്പെടുത്തി ,ഏറ്റെടുക്കുന്ന ഭവന നിര്മാണത്തിന്റെ അവിദഗ്ദ്ധ കായിക തൊഴില്ഘടകം കിണർ നിർമ്മാണം എന്നീ പ്രവര്ത്തികളാണ് സോഷ്യല്ഓഡിറ്റ്നു വിധേയമാക്കിയത് .

തൊഴിലുറപ്പുമായി ബന്ധപെട്ട വാര്ഡിന്റെ അടിസ്ഥാന വിവരങ്ങള് താഴെ ചേര് ക്കുന്നു .

| VILLAGE | TOTAL(registered) | | SCs | SCs | STs | OTHERS | TOTAL | | |
|---|---|---|---|---|---|---|---|---|---|
| | HOUSEHOLDS | PERSONS | HOUSEHOLDS | PERSONS | | HOUSEHOLDS | PERSONS | MALE | FEMALE |
| **രജിസ്റ്റർ ചെയ്ത തൊഴിലകൾ** | 283 | | | | 0 | | | | |
| Active workers | 83 | | | 0 | | | | 83 | |

## <u>ആമുഖം</u>

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാര് ഷിക മേഖലയിലും നിര് മ്മാണ മേഖലയിലും തൊഴില് ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോള് അവര് ക്ക് 100ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴില് നല് കുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന് റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളില് 2006 ഫെബ്രുവരി 2-ാം തീയതി ഈ നിയമം നിലവില് വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തില് വയനാടും, പാലക്കാടും ഈ 200ജില്ലകളില് ഉള് പ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസര് ഗോഡ് ജില്ലകള് ഇതില് ഉള് പ്പെട്ടിരുന്നു.2008 ഏപ്രില് 1ന് ഇന്ത്യയിലെ ബാക്കി മുഴുവന് ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവന് ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്.ആഗോളതലത്തില് സവിശേഷ ശ്രദ്ധയാകര് ഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴില് നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയില് ദാരിദ്ര്യ ലഘൂകരണത്തില് നിര് ണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009ഒക്ടോബര് 2-ാം തീയതി കേന്ദ്ര സര് ക്കാര് ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനര് നാമകരണം ചെയ്തു.

തൊഴില്‍ ആവശ്യപ്പെടുന്നവര്‍ക്ക് നിശ്ചിത കാലയളവിനുള്ളില്‍ കായികമായ തൊഴില്‍ ലഭിക്കുന്നുവെന്നും അതിന് നിര്‍ണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിര്‍ദ്ദിഷ്ട സമയത്തിനുള്ളില്‍ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യന്‍ പാര്‍ലമെന്‍റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23- തിയ്യതിയാണ് പാര്‍ലമെന്‍റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിര്‍ദ്ദിഷ്ട സമയത്തിനുള്ളില്‍ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്‍റെ സവിശേഷത. തൊഴില്‍ ലഭിച്ചില്ലെങ്കില്‍ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താല്‍ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴില്‍ ആവശ്യപ്പെടുന്നവര്‍ക്ക് 15 ദിവസത്തിനുള്ളില്‍ കായികമായി ഏതെങ്കിലും തൊഴില്‍ നല്‍കിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതല്‍ അവര്‍ക്ക് തൊഴിലില്ലായ്മ വേതനത്തിന് അര്‍ഹതയുണ്ടായിരിക്കും. അതേപോലെ എടുത്ത തൊഴിലിന്‍റെ വേതനം 14 ദിവസത്തിലധികം വൈകിയാല്‍ ഇങ്ങനെ വൈകുന്ന ഒരോ ദിവസത്തിനും നഷ്ട പരിഹാരം ലഭിക്കുന്നതിനും അര്‍ഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായുംഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന്‍റെ പ്രത്യേകത.

**ഈ പദ്ധതിപ്രകാരം തൊഴില്‍ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍.**

- പതിനെട്ട് വയസ്സ് പൂര്‍ത്തീകരിച്ചിരിക്കുക.
- കായികാദ്ധ്വാനത്തിന് തയ്യാറാവുക.
- ഗ്രാമപഞ്ചായത്തില്‍ സ്ഥിരതാമസക്കാരനായിരിക്കുക.എന്നിവയാണ്.
- എന്നാല്‍ 2014 ലെ പുതുക്കിയ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ പ്രകാരം നാടോടികളായ തൊഴിലന്വേഷകര്‍ക്കും തൊഴില്‍ നല്കണമെന്ന് വ്യവസ്ഥ ചെയ്യിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യല്‍ ഓഡിറ്റിന് വിധേയമാകണമെന്നു 17(2) ആം വകുപ്പ്നിഷ്കര്‍ഷിക്കുന്നു. പദ്ധതി പ്രവര്‍ത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ്. സോഷ്യല്‍ ഓഡിറ്റ് അഥവാ സാമൂഹിക കണക്ക് പരിശോധന തൊഴിലുറപ്പ്നിയമപ്രകാരം വര്‍ഷത്തില്‍ രണ്ട്പ്രാവശ്യം സോഷ്യല്‍ ഓഡിറ്റ്ഗ്രാമസഭകള്‍ എല്ലാ വാര്‍ഡിലും കൃത്യമായി നടത്തേതാണ്. സോഷ്യല്‍ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വര്‍ദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരീയായ രീതിയില്‍ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈപണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുട്ടോ എന്നും അതിലൂടെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തില്‍ ഗുണകരമായും അതുമൂലം കാര്യമായും മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യല്‍ ഓഡിറ്റ്പ്രക്രിയക്ക് ക ണ്ടെത്താന്‍ കഴിയുന്നു.

കാസർഗോഡ് ജില്ലയിലെ ഹോസ്ദുര്ഗ് താലൂക്കില് കാഞ്ഞങ്ങാട് ബ്ലോക്കിലെ ഉദുമ ഗ്രാമ പഞ്ചായത്തില്പ്പെട്ട 14ആം വാര്ഡ് (മലാംകുന്ന് ) എന്ന വാര്ഡാണ് ഓഡിറ്റിന് വിധേയമാക്കുന്നത്.

## രീതിശാസ്ത്രം

•പ്രവൃത്തിഫയലുകള് , രജിസ്റ്ററുകള് , പ്രവൃത്തിസ്ഥലങ്ങള് ,എം ഐ എസ് എന്നിവ പരിശോധിച്ചു.

• റിപ്പോര്ട്ട് തയ്യാറാക്കുന്ന പ്രവര്ത്തനങ്ങള് .

•തൊഴിലാളികളുമായി സംവദിച്ചു. തൊഴില്കാര്ഡ് ,പാസ്ബുക്ക് എന്നിവ പരിശോധിച്ചു.

•റിപ്പോര്ട്ട് ,എം ഐ എസ് ഫോര്മാറ്റ് എന്നിവ തയ്യാറാക്കി.

**<u>അവകാശങ്ങള് / അവകാശനിഷേധങ്ങള് .</u>**

**1തൊഴില് കാര് ഡ് ലഭിക്കാനുള്ള അവകാശം**

തൊഴില് കാര് ഡ് ആവശ്യപെട്ട എല്ലാ തോഴിലാളികള് ക്കും സൗജന്യമായി തൊഴില് കാര് ഡ് ലഭ്യമാക്കണമെന്നത് തൊഴിലാളികളുടെ അവകാശമാണ് മുന് കാലങ്ങളില് പഞ്ചായത്തില് നിന്നുതന്നെ ഫോട്ടോ എടുത്തിരുന്നെങ്കിലും ഇപ്പോള് ഫോട്ടോ ഇനത്തില് എല്ലാ തൊഴിലാളികള്ക്കും പണം ചിലവായിട്ടുള്ളതായി കാണപ്പെടുന്നു .

**2,അപേക്ഷിച്ചു 15 ദിവസത്തിനുള്ളില് തൊഴില് ലഭിക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശം**.

തൊഴിലിനപെക്ഷിച്ചു15 ദിവസത്തിനുള്ളില് തൊഴില് ലഭിക്കുവാനുള്ള അവകാശം തൊഴിലാളികള് ക്ക് പറയപ്പെടുന്നുണ്ടെങ്കിലും കൂട്ടയിട്ടാണ് അപേക്ഷ നല്കിയതായി കാണപ്പെടുന്നത്. ഒറ്റയ്ക്കും അപേക്ഷിക്കാമെന്നറിയാമെന്കിലും ഒറ്റയ്ക്ക് തോഴിലിനപേക്ഷിച്ചതായി കാണുന്നില്ല.

**3, തൊഴില് , അല്ലെങ്കില് തോഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം.(ആദ്യത്തെ30 ദിവസം ¼ ,പിന്നീടുള്ള ദിവസങ്ങളില് ½ ഭാഗം .)**

തൊഴിലിനുള്ള അപേക്ഷ നല്കിയതിനു ശേഷം തൊഴില് നല്കാതിരുന്ന ഒരു സാഹചര്യം നിലവിലുള്ള ഫയല് പരിശോധനയില് കണ്ടെത്താന് സാധിച്ചിട്ടില്ല ,അതുകൊണ്ട് തൊഴിളലില്ലായമ വേതനം നല്കേണ്ടതായി വന്നിട്ടില്ല .

**4,പദ്ധതി(ഷെല് ഫ് ഓഫ് പ്രൊജക്റ്റ്തയ്യാറാക്കാനുള്ള അവകാശം**

ഷെല്ഫ് ഓഫ് പ്രൊജെക്ടിനെക്കുറിച്ച് തൊഴിലാളികള്ക്ക് യാതൊരു വിധ അറിവും ഉണ്ടായിരുന്നില്ല. പല പ്രവൃത്തികളും കാലാവസ്ഥക്കും യോജിച്ച രീതിയിലും സമയത്തും അല്ല ചെയ്തിരിക്കുന്നത്.

**5,5കിലോമീറ്ററിനുള്ളില് തൊഴിൽ ലഭിക്കുവാനുള്ള അവകാശം (,അല്ലെങ്കില് വേതനത്തിന് റെ10%അധികം.)**

പരിശോധനക്ക് വിധേയമാക്കിയ 2 പ്രവര്ത്തികളിലും തൊഴിലാളികള്ക്ക് 5 കിലോമീറ്ററിനുള്ളില് തൊഴില് ലഭ്യമായിട്ടുണ്ട്.

**6,കുടിവെള്ളം,വിശ്രമസൗകര്യം,പ്രദമശുശ്രൂഷാസൗകര്യം,ഇവ ലഭിക്കുന്നതിനുള്ള അവകാശം.**

തൊഴിലാളികളുടെ പ്രധാനപ്പെട്ട അവകാശങ്ങളില് ഒന്നായ ജോലിസ്ഥലത് കുടിവെള്ളം വിശ്രമസൌകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം എന്നിവ ലഭ്യമാക്കണമെന്നുന്ടെന്കിലും പ്രവൃതിയിടങ്ങളില് മേല്പ്പറഞ്ഞ തൊന്നും ഇപ്പോള് ലഭ്യമല്ല എന്ന് കണ്ടെത്തുവാന് സാധിച്ചു . ജോലിചെയ്യുന്ന തൊഴിലാളികള്ക്ക് കയ്യുറ യോ ,കാലുറയോ ലഭ്യമായിട്ടില്ല എന്ന് മനസിലാക്കാന് സാധിച്ചു. കഴിഞ്ഞ സാമ്പത്തികവര്ഷത്തില് സൈറ്റില് വെച്ച് അസുഖം ബാധിച്ചു ആശുപത്രിയില് പണി സ്ഥലത്തു അപകടങ്ങളൊന്നും നടന്നില്ല എന്നാണ് എന്നാണ് ഫീല്ഡ് പരിശോധനയില് നിന്നും മനസിലാക്കാന് സാധിച്ചത് .

**7,15 ദിവസതിനുള്ളില് വേതനം ലഭിക്കുന്നതിനുള്ള അവകാശം.**

15 ദിവസത്തിനുള്ളില് വേദനം ലഭിക്കാനുള്ള അവകാശം നിലനില് ക്കുന്നുവെങ്കിലും പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ പാസ് ബുക്ക്കളിലും 2018 ഡിസംബര് മാസത്തിനു ശേഷം 2019 എപ്രില്മാസത്തിനു ശേഷമാണ് വേതനം ലഭ്യമായിട്ടുള്ളത് .ഏപ്രില് മാസത്തിനു ശേഷം ജൂലൈ വരെയുള്ള വേതനം കൃത്യമായി അകൌണ്ടില്

വന്നിട്ടുണ്ട് .എന്നാൽ അതിനു ശേഷമുള്ള ജോ ലിയുടെ വേദനം മാസങ്ങൾ പിന്നിട്ടിട്ടും ലഭിച്ചിട്ടില്ല

**8,വേതനവിതരണത്തിലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**

കൂലി ലഭിക്കാന് വൈകുന്നതിനു നഷ്ട പരിഹാരത്തിനു അര് ഹത ഉണ്ടെങ്കിലു,2018 ഡിസംബര് മുതല് 2019 ഏപ്രില് വരെ കൂലി ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടും,ഇതുവരെ ഒരു തൊഴിലാളിയും നഷ്ടപരിഹാരം ലഭിക്കുന്നതിനായി അപേക്ഷ നല്കിയതായി അറിയാന് സാധിച്ചില്ല .

**9,സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.**

സമയബന്ധിതമായി ഉള്ള പരിഹാരത്തിനുള്ള അവകാശം നിലനില് ക്കുന്നുവെങ്കിലും ഈ ഓഡിറ്റ് കാലയളവില് ഒരു തൊഴിലാളിയും പരാതി നല് കിയതായി രേഖകളില് കാണുന്നില്ല.

**10,സോഷ്യല് ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം .**

വാ ര് ഡ തലത്തില് സോഷ്യല് ഓഡിറ്റ് നടക്കാറുണ്ട്.

**<u>നിരീക്ഷണ പ്രശ്നപരിഹാര സംവിധാനം.</u>**

തൊഴിലുറപ്പ് നിയമത്തിലെ 10 അവകാശങ്ങളില് ഒന്നായ സമയഭന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം നിലനില് ക്കുന്നുവെങ്കിലും, പലവിധത്തിലുള്ള പരാതികള്ഉണ്ടായിട്ടും തൊഴിലാളികള് ക്ക് അവകാശങ്ങളെക്കുറിച് അവബോധം ഇല്ലാത്തതുകൊണ്ട് ഓഡിറ്റ് കാലയളവില് ഒരു പരാതിയും പഞ്ചായത്തില് സമര് പ്പിച്ചിട്ടില്ല .

## <u>സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികള്</u>

| Work Code | Work Name(As per Muster Roll) | Category | Start Date | Last Date | Total mandays | Total Amount | Status |
|---|---|---|---|---|---|---|---|
| 1601001005 wc 335253 | ചിറമ്മൽ വരമ്പിടൽ | Category A | 23/10/2018 | 19/11/2018 | 350 | 99818 | Completed |
| 1601001005 IF 337881 | നടേപ്പ് കമ്പോസ്റ്റ് നിർമ്മാണം | Category B | 22/01/2019 | 17/03/2019 | 354 | 11985 | completed |
| 1601001005 IF 335253 | രാജ്കുമാർ കിണർ നിർമ്മാണം | Category .B | 19/03/2019 | | 35 | 6345 | Completed |
| 1601001005 WC 335864 | പുത്യക്കോടി വരമ്പിടൽ | Category A | 27/12/2018 | 23/03/2019 | 64 | 17344 | Completed |
| IF 370194 | ഭവന നിർമ്മാണം അനിത കരുണാകരൻ | Category B | 14/11/2018 | 24/03/ 2019 | 28 | 7588 | Completed |
| IF 370196 | ഭവന നിർമ്മാണം ഹസീന ഷെയ്ക്ക് | Category B | 14/11/2018 | 25/05/2019 | 28 | 7588 | Completed |
| IF335266 | ബാലകൃഷ്ണൻ കിണർ നിർമ്മാണം | Category B19/03/19 | 19/03/2019 | 15/04/2019 | 35 | 6345 | Completed |

## 1.ചിറമ്മൽ വരമ്പിടൽ

പ്രസ്തുത പ്രവൃത്തിയില്  13 മ്സ്ട്രോളുകളിലായി 350 തൊഴില്  ദിനങ്ങള്  സൃഷ്ടിച്ചിട്ടുണ്ട്.അടങ്കല് തുകയായി 99818രൂപ അനുവദിച്ച ഈ പ്രവൃത്തിയില്  99818 രൂപ ചിലവഴിച്ചിട്ടുണ്ട്.

## 2. പുത്യക്കോടി വരമ്പിടല്‍ .

പ്രസ്തുത പ്രവൃത്തിയില് 8 മാസ്റ്ററോളുകളിലായി 350തൊഴില് ദിനങ്ങള് സൃഷ്ട്ടിച്ചിട്ടുണ്ട്. 99763 രൂപ അനുവദിച്ച ഈ പ്രവൃത്തിയില്  99763 രൂപ ചിലവഴിച്ചിട്ടുണ്ട് . 3 **നടേപ്പ് കമ്പോസ്റ്റ് നിര്‍മ്മാണം** പ്രവര്‍ത്തിയില്‍ 2 മാസ്റ്ററോളുകളിലായി  6 തൊഴില്‍ ദിനങ്ങള്‍ സൃഷ്ടിച്ചു മെറ്റീരിയല്‍ ചിലവ് 6716 രൂപ വിദഗ്ദ്ധ തൊഴിലാളികള്‍ക്ക് 795 രൂപ എന്നിങ്ങനെ ചിലവായി . അനുവദിച്ച തുക 13066 രൂപ ഈ പ്രവര്‍ത്തിയില്‍ 13066 രൂപ ചിലവഴിച്ചിട്ടുണ്ട്

**പ്രധാന കണ്ടെത്തലുകള്‍**:

- ചെയ്ത പ്രവൃത്തികള്‍ ഗുണഭോക്താക്കള്‍ പരിപാലിക്കുന്നതായും അവയില്‍ നിന്നുള്ള നേട്ടങ്ങള്‍ സ്വാംശീകരിക്കുന്നതായും മനസ്സിലാക്കാന്‍ പറ്റി.
- വെള്ളം കയറിയത് കാരണം, നാരായണി എന്നിവരുടെ പറമ്പില്‍ ചെയ്ത പ്രവര്‍ത്തികള്‍  അളന്നു തിട്ടപ്പെടുത്താന്  പറ്റിയിട്ടില്ല. വെള്ളം കയറിയത് ഇകാരണത്താല്  തന്നെ, പല പ്രവര്  ത്തികളും നശിച്ചതായും കാണാന്  കഴിഞ്ഞു. നിലം ഉഴുതിട്ടതു കാരണം കൃഷ്ണന്‍ എന്ന ആളുടെ പറമ്പിലെ പ്രവര്‍ത്തിയും പൂര്‍ണമായി കാണാന്‍ സാധിച്ചില്ല
- മിക്ക പ്രവര്  ത്തികളും തൊഴിലുടമയുടെ ആവശ്യപ്രകാരമാണ് നടക്കുന്നതെന്ന് മനസ്സിലായി. അത് കൊണ്ട് തന്നെ കൃത്യമായ കണക്കുകള്  ഒരു പ്രവര്  ത്തിയിലും ഉണ്ടായിരുന്നില്ല. പ്രവര്  ത്തി സ്ഥലത്ത് എത്തുന്നതിനു മുമ്പേ പ്രവര്  ത്തിയെ പറ്റി ഒരു ആസൂത്രണവും  ഇല്ല  എന്നാണു മനസ്സിലായത്.
- കാലാവസഥയ്ക്ക് അനുയോജ്യമായോ തൊഴിലാളികള്‍ ആവശ്യപ്പെടുന്ന സമയത്തോ അല്ല പ്രവൃത്തികള്‍ നടത്തപ്പെടുന്നത്.

**ചിറമ്മല്‍ വരമ്പിടല്‍ എന്ന പ്രവര്‍ത്തിയില്‍  എം  ബുക്ക് പ്രകാരം 820.57 ക്യൂബിക്ക് മീറ്റര്‍  ആകെ തുക ഫീല്‍ഡില്‍ കാണാന്‍ സാധിച്ചത് 818.49 m3 ല്‍ 86506.899 രൂപയാണ്**

**പുത്യക്കോടി വരമ്പിടല്‍ പ്രവര്‍ത്തിയില്‍ എം ബുക്കില്‍  498.32 m3 52668.4917 രൂപ ഫീല്‍ഡില്‍ കാണാന്‍ സാധിച്ചത് 433.408 m3  45806.89152 രൂപയാണ്**

**രണ്ടു പ്രവ്  ത്തിയുടെയും ആകെത്തുക പരിശോധിക്കുകയാണെങ്കില്** 7080.60018 **രൂപയുടെ പ്രവൃത്തികള്‍ കാണാന്‍ പറ്റിയിട്ടില്ല.**

## 3,Unsk illed labour days required for construction of houses under state Fisheries housing sche**me Anitha Karunakaran .**

പ്രസ്തുത പ്രവര് ത്തിയില്യില് **8** മ്സ്റെര് റോള്കളികളിലായി 90തൊഴില് ദിനങ്ങള് സൃഷ്ടിച്ചിട്ടുണ്ട് . അടങ്ങള് തുകയായ 27390 രൂപ ചിലവഴിച്ചിട്ടുണ്ട് .ഈ പ്രവൃത്തിയിലൂടെ

70 ദിവസത്തെ തൊഴില് സൃഷ്ടിക്കുകയും ഇതുവഴി ലഭിക്കുന്ന കൂലി ഭവനനിര് മാണ പൂര് ത്തീകരണത്തിന് ഗുണഭോക്താവിനു ഉപകാര പ്രതമാവുകയും ചെയ്തു .വെരിഫിക്കേഷന് സമയത്ത് പാസ് ബുക്കില് പുതിയ വിവരങ്ങള് ചേര്ക്ക പെട്ടിട്ടില്ല .

## 4,Unskilled labour days required for construction of houses under state Fisheries housing scheme. **Ward 14 Haseena**

പ്രസ്തുത പ്രവരുതിയില് 11 മ്സ്റെര്റോള്കളിലായി തൊഴില് 62 ദിനങ്ങള് സൃഷ്ടിച്ചിട്ടുണ്ട് . അടങ്ങള് തുകയായ 27390 രൂപ ചിലവഴിച്ചിട്ടുണ്ട് .ഈ പ്രവൃത്തിയിലൂടെ 62 ദിവസത്തെ തൊഴില് സൃഷ്ടിക്കുകയും ഇതുവഴി ലഭിക്കുന്ന കൂലി ഭവനനിര്മാണ പൂര്ത്തീകരണത്തിന് ഗുണഭോക്താവിനു ഉപകാരപ്രദമായിട്ടുണ്ട് .

**<u>സിറ്റിസണ് ഇന്ഫര്മേഷന് ബോര്ഡ്</u>**

പരിശോധിച്ച ഒരു വര് ക് സൈറ്റിലും സിറ്റിസെന് ഇന് ഫര് മേഷന് ബോര് ഡ് കാണുവാന് സാധിച്ചില്ല. എന്നാല് എം ബുക്ക് പ്രകാരം 2 പോതുപ്രവര്ത്തിക്ക് 3000 രൂപ വീതം ചിലവഴിച്ചിട്ടില്ല .

**<u>വി.എം.സി</u>**

ഓടിട്ടിനു വിധേയമാക്കിയ പ്രവൃത്തി ഫയലുകളിലെ സൈറ്റ് ഡയറികളില് വി,എം.സി.മെമ്പര് മാരുടെ വിവരങ്ങള് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ കാര്യക്ഷമമായ പ്രവത്തനം ഇനിയും ഉണ്ടാകേണ്ടതുണ്ട് .

**പഞ്ചായത്തില് സൂക്ഷിക്കേണ്ട രാജിസറ്റ്റുകളും അവയിലെ കണ്ടെത്തലുകളും** .

**1,തൊഴില് കാര് ഡ് രെജിസ്റെര് .**

പഞ്ചായത്തില് സൂക്ഷിക്കുന്ന മാന്വലായി സൂക്ഷിക്കുന്ന 2 രേജിസ്റെരുകളിലും കൂടി 5 പേര് രജിസ്റ്റര് ചെയ്തിട്ടുണ്ട് . ഈ രെജിസ്റ്ററിൽ ഫോട്ടോ പതിച്ചതായി കാണുന്നില്ല

**2ഗ്രാമസഭ രജിസ്റ്റര് .**

തൊഴിലുരപ്പുഗ്രമാസഭ രജിസ്റ്റര് പഞ്ചായത്തില് സൂക്ഷിക്കുന്നുണ്ട് .2015/16 കാലയളവു മുതല് 13/07/ 2019 വരെയുള്ള ലേബര് ബജറ്റ് , രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണാൻ സാധിച്ചിട്ടില്ല

**3. തൊഴില് ആവശ്യപ്പെട്ടതും തൊഴില്നല്കിയതുമായിട്ടുള്ളരജിസ്റ്റര് .**

ഡിമാന് ഡ് ആന് ഡ് ആലോകേഷ്ന് രെജിസ്റെര് പഞ്ചായത്തില് സൂക്ഷിക്കുന്നുണ്ട്. രണ്ടിന്റെയും എം ഐ എസ് കോപ്പിയാണ് രജിസ്റെരിലുള്ളത്.തൊഴിലാളികള് തൊഴിലാവശ്യപ്പെട്ടുകൊണ്ട് നല് കിയ അപേക്ഷകള് വര് ക്ക് ഫയലുകളില് ഉണ്ട്.

**4.വര് ക്ക് രജിസ്റ്റര് .**

എം ഐ എസ കോപ്പി സൂക്ഷിച്ചിട്ടുണ്ട് .

**5.ആസ്തിരജിസ്ററര്**

ആസ്തി രജിസ്റ്റര് പഞ്ചായത്തില് സൂക്ഷിച്ചിട്ടുണ്ട്.

**6.മെറ്റീരിയല് രജിസ്റ്റര്**

മെറ്റീരിയല് രജിസ്റ്റര് പഞ്ചായത്തില് സൂക്ഷിചിട്ട്ടുണ്ട് .ഓഡിറ്റ് കാലയളവില് മെറ്റീരിയല് ഉപയോഗിച്ചുള്ള 4 പണികൾ നടന്നിട്ടുണ്ട്

**7. പരാതി രജിസ്റ്റര്**

പരാതിരജിസ്റ്റര് പഞ്ചായത്തില് സൂക്ഷിക്കുന്നുണ്ട് .തൊഴിലാളികള് ക്ക് പല വിധത്തിലുള്ള പരാതികലുന്ടെന്കിലും ഓഡിറ്റ് കാലയളവില് യാതൊരുവിധ പരാധികളും രേഖപ്പെടുത്തിയതായി കാണുന്നില്ല.

**<u>കേന്ദ്രസര്ക്കാര് നിര്ദ്ദേശപ്രകാരം ഒരു വ്ര്ക്കുഫയലില് താഴെപറയുന്ന 22 രേഖകള് നിര്ബന്ധമായും ഉണ്ടാകേണ്ടതാണ് . ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും :</u>**

**1.കവര്പേജ്.**

പ്രവൃത്തി ഫയലില് കവര് പേജ് ഉണ്ടായിരുന്നു എന്നാല് എം ഐ എസ് പ്രകാരമുള്ള മുഴുവന് കാര്യങ്ങളും രേഖപ്പെടുത്തിയിട്ടില്ല. Amc പ്രകാരം കവര്പേജ് പൂര്ത്തിയാകേണ്ടതും,പ്രവൃത്തിയുടെ ലോകേഷന് കൃത്യമായി പ്രതിപാദിക്കെണ്ടതുമാണ് .കവര് പേജ് എല്ലാ പ്രവൃത്തി ഫയലുകളിലും കൃത്യമായി സൂക്ഷിക്കേണ്ടതാണ് .

**2.ചെക്ക്ലിസ്റ്റ്.**

പ്രവൃത്തി ഫയലില് ക്രമപ്രകാരം ഏതൊക്കെ രേഖകള് എവിടെ ഏതുപേജുകളില് സൂ ക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാന്നു ചെക്ക്ലിസറ്റു .പരിശോധിച്ച 4 പ്രവൃത്തി ഫയലുകളിലു ചെക്ക് ലിസ്റ്റില് ഉണ്ട് .

**3. ആക്ഷന് പ്ലാന് /ഷെല് ഫ് ഓഫ്പ്രൊജക്റ്റ് എന്നിവയുടെ അംഗീകരിച്ച കോപ്പി.**

പ്രസ്തുത പ്രവര് ത്തി പഞ്ചായത്തിലെ നടപ്പ്വര് ഷത്തിലെ ആനുവല് ആക്ഷന് പ്ലാനില് ഉള് പ്പെട്ടതാണ് എന്നു തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷന് പ്ലാന്കോപ്പി പൊതു പ്രവര് ത്തികലുടെ ഫയലുകളില് ആക്ഷന് പ്ലാന് പകര് പ്പ്കാണുവാന് കഴിഞ്ഞു. ഭവന നിര്മ്മാണ പ്രവര്ത്തികളുടെ ഫയലില് ആക്ഷന്പ്ലാന് പകര്പ്പ് ഉണ്ടായിരുന്നില്ല .

**4. ഭരണാനുമതി**

പ്രവൃത്തിചെയ്യുന്നതിന്നു നിര്വഹണ സ്ഥാപനം നല് കുന്ന അനുമതിയാണ് ഭരണാനുമതിരേഖ. ഭരണാനുമതി എല്ലാ പ്രവൃത്തികള് ക്കും ഉണ്ട് . എന്നിരുന്നാല് കൂടി ഭരണാനുമതി നമ്പര് അടങ്ങുന്ന മിനുട്സ് പകര്പ്പ് ഫയലുകളില് ഉ ണ്ടായിരുന്നു . സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല .

**5.സാങ്കേിതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി.**

ഒരു പ്രവൃത്തി എങ്ങിനെ എത്ര അളവില് ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ് എസ്റ്റിമേറ്റ്ഡിസൈന് . പൊതു പ്രവൃത്തിയുടെ ഫയലുകളില് കാണാന് സാധിച്ചു .സാങ്കേതികാനുമതി ഫോറം കാണാന് സാധിച്ചില്ല. എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട രേഖകളിലൊന്നും തന്നെ തിയ്യതിയോട്കൂടിയ ഒപ്പ് കാണാന് കഴിഞ്ഞില്ല.

**6. സങ്കേതികാനുമതികോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരികരേഖയാന്ന് സാങ്കേതികാനുമതി രേഖ പൊതുപ്രവര് ത്തികള്ടെ ഫയലുകളില് സാങ്കേതികാനുമതി പകര് പ്പ് കഴിഞ്ഞു.

**7. സംയോജിത പദ്ധതി വിശദാംശങ്ങള് .**

ഭവന നിര് മ്മാണ പദ്ധതികളില് കിണർ നിർമ്മാണ പ്രവർത്തികൾ എന്നിവയുടെ സംയോജിതപദ്ധതി വിശദാംശങ്ങള് കാണുവാന് കഴിഞ്ഞില്ല.

**8. തൊഴിലിനുള്ള അപേക്ഷ.**

തൊഴിലാളികള് തൊഴില് ആവശ്യപ്പെട്ട്നല് കുന്ന അപേക്ഷയാണ് ഡിമാന് ഡ്ഫോറം. തൊഴില് ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളില് ജോലി നല് കിയോ എന്നറിയുവാന് സഹായിക്കുന്ന രേഖ കൂടി ആണു ഡിമാന് ഡ്ഫോം കൂട്ടായുള്ള അപേക്ഷ വര് ക്ക് ഫയലില് കാണാന് കഴിഞ്ഞു .

**9. തൊഴില് അനുവദിച്ചതിന്റെ പകര്പ്പ്.**

പ്രവൃത്തി അനുവദിച്ചു കൊണ്ട് നിർവഹണ ഉദ്യോഗസ്ഥര് നല് കുന്ന അനുമതിയാണ അലൊക്കേഷന് ഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളില് പ്രവര് ത്തിലഭിച്ചോ എന്ന് അറിയാന് ഈ ഫോം സഹായിക്കും. വർക്ക് അലോക്കേഷൻ എം, ഐ ,എസ കോപ്പി ഫയലില് സൂക്ഷിച്ചട്ടില്ല .

**10. പൂരിപ്പിച്ച മസ്റ്റര്റോളിന്റെ കോപ്പി.**

തൊഴിലാളികളുടെ ഹാജര് നില രേഖപ്പെടുത്താനുള്ള രേഖയാണ് മസ്റ്റര് റോള്
നടന്ന്കൊണ്ടിരിക്കുന്ന ഫയലുകലില് ഒഴികെയുള്ള ഫയലുകളില് പൂരിപ്പിച്ച മസ്റ്റര് റോളിന്റെ പകര് പ്പ് ഉണ്ടായിരുന്നു. പ്രവൃത്തിചെയ്ത ദിവസം അടയാളപ്പെടുത്തിടിട്ടുണ്ടായിരുന്നില്ല .ആയുധവാടകയായി 5 രൂപ മസ്റ്റര് റോളിനൊപ്പം തൊഴിലാളികള് ക് നല് കിവരുന്നതായി പരിശോധനയില് നിന്നും വ്യക്തമായി.

**11. മെഷര്മെന്റ് ബുക്കിന്റെ കോപ്പി.**

ഒരു പ്രവൃത്തി എസ്റ്റിമേറ്റു പ്രകാരം കൃത്യമായ അളവില് ആണ്ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാന്നു മെമെഷര് മെന്റ്ബുക്ക്. മേശര് മെന്റ്റ് ബുക്ക് സൂക്ഷിച്ചതായി കാണുന്നു . ഓരോ ഭൂ ഉടമയ്ക്കും ഇത്ര സ്ഥലത്ത പ്രവൃത്തി ചെയ്തു എന്ന് പ്രത്യേകം എഴുതാതെ ഒന്നിച്ചുള്ള വിസ്ത്രിതിയാണ് മെഷര്മെന്റ് ബുക്കില് രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂ ഉടമകളുടെ പേരും സര്വ്വേ നമ്പറുകളോടുകൂടിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് കാണപ്പെടുന്നില്ല. എം ബുക്കില് ഓരോ ഗുണഭോക്താക്കളുടെ സ്ഥലത്തു കൃത്യമായി ഇത്ര വിസ്തീര് ണത്തില് ചെയ്തു വെന്നത് രേഖപ്പെടുതെണ്ടതാണ് .

**12. സാധനങ്ങള് വാങ്ങുന്നതിനുള്ള ക്വാട്ടേഷന് ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ് മെന്റിന്റെയും മെറ്റീരിയല് സപ്ലൈ ഓര് ഡറിന്റെയും കോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികള് വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങള് പ്രതിപാദിക്കുന്ന രേഖയാന്നു മെറ്റീരിയല് പ്രൊക്യൂര് മെന്റ്. സോഷ്യല് ഓഡിറ്റിനു വിധേയമാക്കിയ 7 പ്രവൃത്തികളൽ മെറ്റീരിയല് ഉപയോഗിക്കേണ്ടിവന്നിട്ടില്ല 1 ൽ ഉപയോഗിക്കേണ്ടി വന്നു സിട്ടിസണ് ഇന്ഫര്മേഷന് ബോര്ഡ് (C.I.B) ക്വട്ടെഷന് ക്ഷണിച്ചതിന്റെ വിശദാംശങ്ങള് കാണാന് കഴിഞ്ഞില്ല . സന്ദര്ശിച്ച സൈറ്റുകളിൽ ഒരു സ്ഥലത്തു സിറ്റിസണ് ഇന്ഫര്മേഷന് ബോര്ഡ് കാണാൻ കഴിഞ്ഞു .

**13. വേജ്ലിസ്റ്റ്**

മാസ്റ്റെര് റോളിന്നു ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കുവാനുള്ള ആധികാരികരേഖയാണ് വേജ് ലിസ്റ്റ്. വേജ്ലിസ്റ്റ് പകര് പ്പ് ഫയലുകളില് സൂക്ഷിച്ചിട്ടുണ്ട് . സോഷ്യല് ഓഡിറ്റിനു വിധേയമാക്കിയ പ്രവൃത്തികളില് എല്ലാംതന്നെ എം ഐ എസ നിന്നുമുള്ള വേജ് ലിസ്റ്റിന്റെ പകര് പ്പുകള് കാണാന് സാധിച്ചു .

**14. എഫ ടി ഒ.**

വേതനത്തിന്റെയും സാധനങ്ങള് ക്ക് പണമടച്ചതിന്റയും എഫ്.റ്റി.ഒ യുടെയും കോപ്പി

മാസ്റ്റര് രോള്, വേജ്ലിസ്റ്റ് എന്നിവ അനുസരിച്ച് തൊഴിലാളികള് ക്ക് വേദനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ളരേഖയാണ് ഫണ്ട് ട്രാന്സ്ഫര്ഓര്ഡര് . .എഫ.ടി .ഒ അവ ഫയലുകളില് ഇല്ല കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ട് ഉണ്ട് .

**15. മെറ്റീരിയല് വവ്ച്ചറിന്റെയും ബില്ലുകളുടെയും കോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികള് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങള് പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയല് പ്രൊക്യൂര് മെന്റ്. സിറ്റിസണ് ഇന്ഫര്മേഷന്ബോര്ടുമായി ബന്ധപ്പെട്ട രേഖകളുടെ വിശദാംശങ്ങള് ഫയലുകളില് ഉണ്ടായിരുന്നില്ല.

**16. റോയല്റ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി.**

ബാധകമല്ല.

**17. മൂന്നു ഘട്ടങ്ങള് ആയുള്ള തൊഴിലിന്റെ ഫോട്ടോകള്**

പ്രവര്ത്തനവുമായി ബന്ധപ്പെടുത്തിയെടുക്കേണ്ട മൂന്ന്ഫോട്ടോ പതിപ്പുകള് അതായത് പ്രവര് ത്തനത്തിന്റ ആരംഭം, പ്രവര് ത്തനം നടന്നുകൊണ്ടിരിക്കുമ്പോള് , പ്രവര് ത്തനം പൂര് ത്തികരിച്ചപ്പോള് എന്നീ മൂന്ന്തരം ഫോട്ടോ. ഫയലുകല്ല പ്രവൃത്തികളുടെ മൂന്നു ഘട്ടങ്ങള് ആയുള്ള ഫോട്ടേകള് സൂക്ഷിച്ചിരിക്കണം .പരിശോധനക്ക് വിധേയമാക്കിയ പ്രവൃത്തികളില് ഒന്നുംതന്നെ 3 ഘട്ട ഫോട്ടോകള് സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല .

**18. പൂര്ത്തികരിച്ച സര്ട്ടിഫിക്കറ്റിന്റെ കോപ്പി.**

പ്രവൃത്തി പൂര്ത്തീകരിച്ചു എന്നതിന്റെ രേഖയാണ് പ്രവൃത്തി പൂര് ത്തീകരണ സാക്ഷ്യപത്രം. നിലവിലുള്ള ഫയലുകളില് പ്രവൃത്തിപൂര്ത്തീകരണ സാക്ഷ്യപത്രമില്ല . പാര് ട്ട്ബില്ലിന്റെ മൂല്യനിര്ണയ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

**19. മസ്റ്റര് റോള് മൂവ്മെന്റ്സ്ലിപ്പ്/ ഫയല് ട്രാക്കിംഗ്ഫോം.**

പ്രവൃത്തി ഫയലുകളില് എല്ലാംതന്നെ ഫയല് ട്രാക്കിംഗ്ഫോം ഉണ്ടായിരുന്നു. മുഴുവന് കാര്യങ്ങളും രേഖപ്പെടുത്തിയിരുന്നില്ല .

**20. ആസ്തിയുടെ ജിയോടാഗ് ഫോട്ടോഗ്രാഫ്.**

പ്രവര്ത്തികള് ജിയോടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാന് സഹായിക്കുന്ന ഘടകമാണ് ജിയോടാഗ് ഫോട്ടോഗ്രാഫ്. ജിയോടാഗ് ഫോട്ടോകള് ഫയലുകളില് ലഭ്യമായിരുന്നില്ല.

**21. സോഷ്യല് ഓ ഡിറ്റന്റെ റിപ്പോര്ട്ട് കോപ്പി .**

പ്രവൃത്തി സോഷ്യല് ഓഡിറ്റിന് വിധേയമായതാണോ എന്ന് പരിശോധിക്കാന് സഹായിക്കുന്ന രേഖയാണ് സോഷ്യല് ഓഡിറ്റ് റിപ്പോര്ട്ട്. ആറ്മാസം കൂടുമ്പോള് ഓഡിറ്റ്ചെയ്യേണ്ടതാണ്. അതിന്റെ കോപ്പി ഫയലില് വെച്ചിട്ടില്ല.

**22. സൈറ്റ്ഡയറി**

പ്രവര് ത്തി സ്ഥലത്തെ മുഴുവന് വിവരങ്ങള് രേഖപ്പെടുത്തുന്നതിനു വേണ്ടിയുള്ള ആധികാരികരേഖയാണ്സൈറ്റ്ഡയറി പരിശോധിച്ച 2 പൊതു പ്രവര്ത്തികളില് 6 എണ്ണത്തിലും ല്സൈറ്റ്ഡയറി ഉണ്ടായിരുന്നുള്ളൂ. മേറ്റിന്റെ വിലാസവും ഫോണ് നമ്പരും കൃത്യമായി സൈറ്റ്ഡയറിയില് രേഖപ്പെടുത്തേതാണ്. ചെക്ക്ളിസ്റ്റ് പൂര് ണ്ണമായിരുന്നില്ല . പ്രൊജക്ട്മീറ്റിംഗ് നടത്തിയതിന് റെ വിശദാംശങ്ങള് രേഖപ്പെടുത്തിയിട്ടുണ്ട്. പണിയായുധവാടക സൈറ്റ്റ്ഡയറിയിതല് ഉള്പ്പെടുത്തിയിട്ടുണ്ട് . പണി സ്ഥലത്തു അപകടം നടന്നിട്ടുണ്ടെങ്കില് അവ കൃത്യ മായി സൈറ്റ് ഡയറിയില് രേഖ പ്പെടുതെണ്ടാതാണ് .

**പൊതുനിര്ദ്ദേശങ്ങള് .**

**ഉദ്യോഗസ്ഥരോട്**

1.തൊഴില് കാർഡിലേക്കാവശ്യമായ ഫോട്ടോ പഞ്ചായത്തില് നിന്ന്തന്നെ എടുത്ത് കൊടുക്കാന് ശ്രദ്ധിക്കേണ്ടതാണ്.

2.തൊഴിലനു അപേക്ഷിക്കുന്ന എല്ലാ തൊഴിലാളികള് ക്കും തൊഴില് നല് കുന്നുണ്ട് എന്ന കാര്യം ഉറപ്പ് വരുത്തുക.

3.കാലാനുസൃതമായി തന്നെ ഒരോ പ്രവൃത്തിയും ഏറ്റെടുത്ത് ന ടത്തുന്നതിനായി യഥാസമയംഅവയുടെ അനുമതി നേടി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികള് ഉദ്യോഗസ്ഥര് സ്വീകരിക്കേണ്ടതാണ് .

4.ഓരോ പ്രവര് ത്തിയും ആരംഭിക്കുന്നതിനു മുന് പ് കൃത്യമായി പ്രൊജക്ട്മീറ്റിംഗ്സ് നടത്തേണ്ടതാണ്. മീറ്റിംഗില് തൊഴിലുറപ്പ് ഉദ്യോഗസ്ഥര് നിര് ബന്ധമായും പങ്കെടുക്കുകയും ചെയ്യേണ്ട പ്രവൃത്തിയെകുറിച്ചും അളവിനെകുറിച്ചും തൊഴിലാളികളോടും ,മേറ്റിനോടും വിശദമായി പറഞ്ഞ്കൊടുക്കുകയും ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റിന്റെ മലയാളം പകര് പ്പ് ലഭ്യമാക്കേണ്ടതാണ് .

5. പ്രവൃത്തി നടന്ന്കൊണ്ടിരിക്കുമ്പോള് സാങ്കേതിക ജീവനക്കാര് പ്രവൃത്തി സ്ഥലം സന്ദര് ശിച്ച് പ്രവൃത്തിയുടെ പരിശോധനയും അളവെടുപ്പും നടത്തി പോരായ്മകള് തൊഴിലാളികള് ക്ക് പ റഞ്ഞ് മനസിലാക്കി കൊടുക്കേണ്ടതാണ് .

6. ഓരോ പ്രവൃത്തിയുടേയും സൈറ്റില് കുടിവെള്ളം ,പ്രഥമ ശുശ്രൂഷകിറ്റ് , തണല് ,എന്നീ സൗകര്യങ്ങള് ഏറര് പ്പെടുത്തുന്നതില് ജീവനക്കാര് പ്ര ത്യേകം ശ്രദ്ധിക്കേണ്ടതാണ് .

7. സുരക്ഷാ സാമഗ്രികള് ആവശ്യമായ പ്രവൃത്തികളില് അവ ലഭ്യമാക്കേണ്ടതാണ് .

8. ഓരോ പ്രവൃത്തിയുടേയും വര് ക്ക് ഫയലുകളില് ആനുവല് മാസ്റ്റര് സര് ക്കുലര് പ്രകാരം നിഷ്കര് ഷിക്കുന്ന 22 രേഖകളില് ഉള് പ്പെട്ടവ ഉണ്ടെന്ന് ജീവനക്കാര് ഉറപ്പ് വരുത്തേണ്ടതാണ് .

9രേഖകളിൽ ഒപ്പ് രേഖപ്പെടുത്തുമ്പോൾ തിയതി ഇടാൻ പ്രത്യേകം ശ്രദ്ധിക്കണം

**മേറ്റുമാരോട്.**

1. തൊഴിലാളികളുടെ തൊഴില് കാര് ഡില് പ്രവൃത്തിയെകുറിച്ചുള്ള വിവരങ്ങള് കൃത്യമായി ചേര് ക്കേണ്ടതും ഹാജര് അടയാളപ്പെടുത്തേണ്ടതുമാണ്.

2. തൊഴിലാളികളുടെ ഗ്രൂപ്പ് അപേക്ഷകള് പഞ്ചായത്തില് നല് കുമ്പോള് കൈപ്പറ്റ് രസീത് തിരികെ വാങ്ങിക്കുവാന് ശ്രദ്ധിക്കേണ്ടതാണ്.

3. തൊഴിലാളികള് യഥാസമയം പ്രവൃത്തിസ്ഥലത്തു ഹാജരാകുന്നുണ്ടോ എന്നും ,ഹാജര് കൃത്യ സമയത്ത് മസ്റ്റര് റോളുകളില് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. പ്രവര് ത്തി സ്ഥലത്ത് തൊഴിലാളികള് ക്ക് അപകടം സംഭവിക്കുകയാണ്കെങ്കില് അപകടത്തിന് റെ വിശദാംശങ്ങള് സൈറ്റ്ഡയറിയില് രേഖപ്പെടുത്താന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5 .സൈറ്റ് ഡയറിയില് എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുക .

**തൊഴിലാളികളോട്**

1. പഞ്ചായത്തില് നിന്നും തൊഴില ലഭിക്കാന് കാത്തിരിക്കാതെ തൊഴില് ആവശ്യമുള്ള സമയത്ത് പഞ്ചായത്തില് അപേക്ഷ നല് കുകയും രശീതി കൈപ്പറ്റി സൂക്ഷിക്കുകയും ചെയ്യുക .

2. തൊഴിലിനപേക്ഷിച്ച് 14 ദിവസത്തിനുശേഷം തൊഴില് ലഭ്യമാകാത്ത സാഹചര്യത്തില് തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കുക .

3. തൊഴിലുറപ്പ് വേതനം കൃത്യമായി പാസ്ബുക്കില് രേഖപ്പെടുത്തുക .

4. തൊഴില് കാര് ഡ് സ്വന്തം കൈവശം സൂക്ഷിക്കുക .

5. അവകാശങ്ങള് ലഭ്യമാവാത്ത സാഹചര്യങ്ങളില് പരാതി പരിഹാര സംവിധാനങ്ങള് ഉപയോഗപ്പെടുത്തുക .

6. ഗ്രാമസഭകളില് കൃത്യമായി പങ്കെടുക്കുകയും അഭിപ്രായങ്ങള് രേഖപ്പടുത്തുകയും ചെയ്യുക .

**അനുബന്ധരേഖകള്**

ശേഖരിച്ചതെളിവുകള്

മേറ്റ് ശ്രീന എന്നിവരുടെ സാന്നിധ്യത്തില് ഗുണഭോക്താക്കളുടെ കൃഷിസ്ഥലം അളന്നു തിട്ടപ്പെടുത്തിയ വിവരങ്ങള് .

*ഫീല്ഡ് വേരിഫികേഷന് സമയത്ത് തൊഴിലാളികളുമായി നടത്തിയ സംവാദങ്ങളില് നിന്നുള്ള വിവരങ്ങള് ,

പ്രവൃത്തി നടന്നുവെന്നു സ്ഥലമുടമകളില്നിന്നും പരിശോധന സമയത്ത് ചോദിച്ചറിഞ്ഞ വിവരങ്ങള് .

## തീരുമാനങ്ങൾ

1 : ഫോട്ടോഗ്രാഫ് ഭരണസമിതിയുമായി ആലോചിച്ചു പഞ്ചായത്തിൽ നിന്ന് തന്നെ ചെയ്യാൻ തീരുമാനിച്ചു

2 : മൂന്ന് ഘട്ടത്തിലുള്ള ഫോട്ടോകളും ഇനി മുതൽ ഫയലിൽ വയ്ക്കാൻ തീരുമാനിച്ചു

3: എം ബുക്കിൽ ഓരോ ഗുണഭോക്താവിന്റെയും പേര് രേഖപ്പെടുത്തി മെഷര്മെന്റ് എഴുതും

4: Amc പ്രകാരം മുഴുവൻ കാര്യങ്ങളും കവർ പേജിൽ രേഖപ്പെടുത്താൻ തീരുമാനിച്ചു .

അധ്യക്ഷൻ

പ്രസീദ